**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4720** | **19.05.2017 ൽ മറുപടിക്ക്** |

## വ്യവഹാരഭാഷ മലയാളത്തിലായിരിക്കണമെന്ന നിർദ്ദേശം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സി.കെ.ശശീന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) 'ഭരണഭാഷ മലയാളം' എന്ന തീരുമാന പ്രകാരം വിവിധ കോടതികളിലെ വിധി ഉൾപ്പെടെയുള്ള വ്യവഹാരഭാഷ മലയാളത്തിലായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | 26.04.2017 ലെ സർക്കാർ ഉത്തരവ് (പി) നം 6/2017/ഉ.ഭ.പ.വ ഉത്തരവ് പ്രകാരം 2017 മേയ് 1 മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ,അർദ്ധസർക്കാർ, പൊതുമേഖല, സ്വയംഭരണ സഹകരണ സ്ഥാപനത്തിൽ ഔദ്യോഗികഭാഷയായി മലയാളം ഉപയോഗിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കോടതി വിധി ഉൾപ്പെടെയുള്ള വ്യവഹാരഭാഷ മലയാളത്തിലായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടില്ല. കൂടാതെ 11.05.1973 ലെ സർക്കാർ ഉത്തരവ് (കൈ)നം 77/73/ആഭ്യന്തരം പ്രകാരം കേരളത്തിലെ കീഴ് കോടതികളിൽ ഇംഗ്ലീഷോ, മലയാളമോ ഉപയോഗിക്കാമെന്ന ഉത്തരവ് നിലനിൽക്കുന്നുണ്ട്. ഹൈക്കോടതിയിൽ ഭരണഭാഷ മലയാളമാക്കുന്നതിനോ ; വിധി പകർപ്പുകൾ മലയാളഭാഷയിൽ ലഭ്യമാക്കുന്നതിനോ ഉള്ള ഒരു തീരുമാനവും കൈകൊണ്ടിട്ടില്ലെന്നും ഹൈക്കോടതി അറിയിച്ചിട്ടുണ്ട്. |
| ബി) ഹൈക്കോടതിയെ 'ഭരണഭാഷ മലയാളം' എന്നതിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ? | | |
| സി) ഹൈക്കോടതി വിധിപകർപ്പുകൾ മലയാള ഭാഷയിൽ ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**